# ജമാഅത്തെ ഇസ്ലാമി പഠിപ്പിച്ചത് തീവ്രവാദം തന്നെ

അൻവർ അബൂബക്കർ

ലോകത്തിന് മുഴുവൻ മാർഗദർശനവും കാരുണ്യവുമായികൊണ്ടാണ് അന്ത്യ പ്രവാചകനായ മുഹമ്മദ് നബി(ﷺ)യെ അല്ലാഹു നിയോഗിച്ചത്. മനുഷ്യകുലത്തിന് ആപത്കരമായ ഒന്നും തന്നെ ആ മഹാവ്യക്തിത്വം തന്റെ അനുചരൻമാരെ അഭ്യസിപ്പിക്കുകയോ ശിക്ഷണം നല്കുകയോ ചെയ്തിട്ടില്ല. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന മഹനീയമായ ആദർശം പ്രഖ്യാപിക്കുക വഴി നിരവധി പീഢനങ്ങൾ നേരിടേണ്ടിവന്നപ്പോഴും, ജനിച്ചുവളർന്ന നാട്ടിൽ വ്യക്തിഗതമായ സ്വാതന്ത്ര്യം നഷ്ടപ്പെട്ട അവസരത്തിലും, അല്ലാഹുവിൽ സർവ്വവും സമർപ്പിച്ച് സംയമനം പാലിക്കുകയാണ് പ്രവാചകനും അനുയായികളും ചെയ്തത്. ഒടുവിൽ ആത്മരക്ഷാർത്ഥം സ്വദേശം വിട്ടു അന്യദേശത്തിലേക്ക് (മദീനയിലേക്ക്) പാലായനം ചെയ്തു. അവിടെയും സ്വാസ്ഥ്യമായി ജീവിക്കാൻ മക്കയിലെ വൈരികൾ അനുവദിച്ചില്ല. പ്രവാചകനെയും അനുയായികളെയും എന്നെന്നേക്കുമായി ഉൻമൂലനം ചെയ്യാൻ അവർ രംഗത്ത് വന്നപ്പോഴാണ് പ്രതിരോധനടപടിയെന്നോണം ഇസ്ലാമിന്റെ പ്രവാചകന് ആയുധമെടുക്കേണ്ടി വന്നത്. അങ്ങനെയുള്ള ഘട്ടങ്ങളിൽപോലും നീതിയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ മാത്രമേ ഒരു മുസ്ലിമിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാവൂ എന്നും, അത് ഏതെല്ലാം രൂപത്തിലെന്നും കർക്കശമായി അവിടുന്ന് പഠിപ്പിച്ചു. ഇവയെല്ലാം കൃത്യമായ നിലക്ക് ഉൾക്കൊണ്ടും പ്രാവർത്തികമാക്കിയും ഒരു സമൂഹം പ്രവാചകന്റെ സമയത്തും ശേഷവും ജീവിച്ചു. അവരാണ് (സലഫുകൾ) സത്യവിശ്വാസികൾക്ക് മാതൃക.

എന്നാൽ മേൽപ്രസ്താവിച്ച സലഫുകളിൽ നിന്ന് ഇസ്ലാമിനെ പഠിക്കാൻ തയ്യാറാകാത്തവർ ഏതുകാലഘട്ടത്തിലായാലും അവരുടെ ചേതോവികാരത്തിൽ അകപ്പെടാനും ഇസ്ലാം വെറുക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാനും സാധ്യതയുണ്ട്. ഖവാരിജുകളും തുടർന്നുവന്ന ശിഈകളും അതിന്നുദാഹരണങ്ങളാണ്. സൃഷ്ടിപരതയുള്ള മനുഷ്യന്റെ വികാരത്തെ ചൂഷണം ചെയ്തുകൊണ്ടാണ് ഇസ്ലാമിക ചരിത്രത്തിന് ഒരപവാദമായി ഇവർ ഇടം നേടിയത്. ഇതേ വികാരത്തെ ചൂഷണം ചെയ്തുകൊണ്ടുതന്നെയാണ് ലോകത്ത് അങ്ങുമിങ്ങുമായി കാണുന്ന വിപ്ളവ പ്രസ്ഥാനങ്ങൾ താത്കാലികമായാണെങ്കിലും ചിലരുടെ മനസ്സുകളിൽ സ്ഥാനം പിടിച്ചിട്ടുള്ളത്, ഇത് ഇന്നിന്റെയും ഇന്നലെകളുടെയും സാക്ഷ്യമാണ്. അതേ പാത തന്നെയാണ്, അല്ല ക്രൂരതയാണ് രാഷ്ട്രീയ മതത്തിന്റെ വക്താക്കളായി

അറിയപ്പെടുന്ന ഒരു സംഘം ആളുകൾ ഇന്ത്യാരാജ്യത്ത് അവരുടെ ലക്ഷ്യ സാക്ഷാത്കാരത്തിനായി സ്വീകരിച്ചത്. അതെ, ഇന്ത്യയുടെ രാഷ്ട്രീയഭാവി സസൂക്ഷ്മം നിരീക്ഷിച്ച അവർ സ്വാതന്ത്ര്യാനന്തരഇന്ത്യയിൽ ഒരു ഇസ്ലാമികരാഷ്ട്രം കെട്ടിപ്പടുക്കാൻ തെരെഞ്ഞടുത്ത വഴി അങ്ങേയറ്റം ക്രൂരവും, ഓരോ മുസ്ലിമിനെയും വേദനിപ്പിക്കുന്നതുമായി. അല്ലാഹു ലോകർക്ക് മുഴുവൻ 'ഹുദ'യായിക്കൊണ്ട് അവതരിപ്പിച്ച പരിശുദ്ധ ഖുർആനിനെ സമൂഹത്തിൽ തെറ്റായി അവതരിപ്പിക്കുകയും, ഇസ്ലാമിന്റെ സാങ്കേതിക ശബ്ദങ്ങൾക്ക് അതിന്റെ എക്കാലത്തെയും പരമാചാര്യനായ പ്രവാചകൻപോലും പഠിപ്പിക്കാത്ത അർത്ഥങ്ങൾ നല്കി, വക്രമായ ഒരു 'ദീൻ' രൂപപ്പെടുത്തുകയായിരുന്നു അവർ. എന്നിട്ടതിന് ഒരു പേരും നല്കി; ഇൻഡ്യൻ ജമാഅത്തെ ഇസ്ലാമി. ഇതിന്റെയെല്ലാം അനന്തരഫലം എന്താണെന്നോ? ചോറിങ്ങും കൂറങ്ങും എന്ന ചിന്തയിലുള്ള ഏതാനും മനോവിഭ്രാന്തികളെ ഇവർക്ക് സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതുതന്നെ.

വാസ്തവത്തിൽ, ഇസ്ലാമിലെ അധ്യാപനങ്ങൾ പറയാനും പയറ്റാനും ഉപകരിക്കുന്നതാണ്, കാരണം അത് പ്രായോഗികമാണ്. എന്നാൽ മൗദൂദികളുടെ 'സമഗ്രമായ മതം' അപ്രായോഗികമാണ്. അതുകൊണ്ടാണ് മതേതരത്വത്തേയും, ദേശീയത്വത്തേയും, ജനാധിപത്യത്തേയുമെല്ലാം ഒരു കാലത്ത് അതിശക്തമായ ഭാഷയിൽ വിമർശിച്ചിരുന്ന ഇവർക്ക് തുടർന്നുണ്ടായ നിരോധനത്തിനു ശേഷം അവയെല്ലാം പ്രിയപ്പെട്ടതാണെന്ന് പറയേണ്ടി വന്നത്. എങ്കിലും, മണ്ണ് തിന്നാലും മറഞ്ഞിരുന്ന് തിന്നണം എന്ന മട്ടിൽ, ഇവരുടെ ദയനീയവസ്ഥ മൂടിവെക്കാനുള്ള ശ്രമങ്ങൾ ഓരോന്നായി കാണുമ്പോൾ ഉള്ളിലൊന്ന് നാക്കിലൊന്ന് കയ്യിലൊന്ന് എന്ന പരിതാപകരമായ അവസ്ഥയിലേക്ക് അവർ അധഃപതിച്ചിരിക്കുന്നു എന്നല്ലാതെ എന്ത് പറയാൻ. പഴയ നിലപാടുകളെല്ലാം അബദ്ധമായിരുന്നു എന്നുപറഞ്ഞുകൊണ്ട് ഒരു തിരുത്തലിന് അവർ തയ്യാറാകാത്തിടത്തോളം കാലം ജമാഅത്തിനെ വിശ്വസിക്കാൻ നമുക്ക് നിവൃത്തിയില്ല തന്നെ.

സ്വാതന്ത്ര ഇന്ത്യക്കുവേണ്ടിയുള്ള പോരാട്ടത്തിൽ നിന്നും വിട്ടുനിൽക്കാൻ ഉപദേശിച്ച മൗദൂദി, സ്വാതന്ത്രാനന്തരവും ഇന്ത്യയെ വെറുതെ വിട്ടിട്ടില്ല. പാകിസ്ഥാനിലിരുന്നു കൊണ്ട് അദ്ദേഹം ഇന്ത്യക്കെതിരെ പോരിനിറങ്ങാൻ മുസ്ലീംകളോട് ആഹ്വാനം ചെയ്തു വർഗീയതയുടെയും തീവ്രവാദത്തിന്റെയും വിത്തുകൾ മുസ്ലീം മനസുകളിൽ മുളപ്പിക്കാൻ ആകുംവിധം പ്രയത്നിച്ചു. ഇതെല്ലാം, രേഖപ്പെട്ട തെളിവുകളായി ഇന്നും അവശേഷിക്കുന്നതാണ്. എന്നാൽ നുണയ്ക്ക് കാലില്ല എന്നു മനസിലാക്കിയ ചില മൗദൂദിയൻ ഗവേഷകൻമാർ തങ്ങളുടെ നേതാവ് അങ്ങനെ ഒരു നിലപാട് എടുത്തിരുന്നില്ല എന്നും, കേരളത്തിലെ സലഫികൾ ജമാഅത്തിനെതിരെ അനാവശ്യമായി ആരോപണം ഉന്നയിക്കുകയാണ് എന്നെല്ലാം വരുത്തിതീർക്കാൻ മൗദൂദിക്കനുകൂലമായി അസത്യങ്ങൾ എഴുതിവിടുകയും, അത് അനുയായികളെ കൊണ്ട് പ്രചരിപ്പിക്കാനും അവകൊണ്ട് ചെറുത്തുനിൽക്കാനും പ്രോത്സാഹിപ്പിക്കുകയാണ് ഇന്ന് ചെയ്യുന്നത്. നിരവധി മാധ്യമങ്ങളിലൂടെ നമ്മൾ

ഇക്കാര്യം വായിക്കുകയും കാണുകയുമുണ്ടായി. അതെല്ലാം ജമാഅത്തെ ഇസ്ലാമിയുടെ കൊടിയ തട്ടിപ്പായിരുന്നുവെന്ന് താഴെയുള്ള പ്രബോധനത്തിലെ ചോദ്യോത്തര പംക്തിയിൽ നിന്ന് ബോധ്യപ്പെടും.

**പ്രബോധനം**
**വാരിക**

വാള്യം 11 | 1975 ഏപ്രിൽ 26 | ലക്കം 7

**ചോദ്യോത്തരം**

മുജീബ്

ചോദ്യം: 'തർജുമാനുൽ ഖുർആനി'ൽ മൗദൂദി സാഹിബ് എഴുതിയ ഒരു ലേഖനത്തിൽ ഇന്ത്യയിലെ മുസ്ലിംകളുമായുള്ള വിവാഹബന്ധം ബാത്വിലാണെന്നു എഴുതിയതായി ഒരു സുന്നീ പ്ര[illegible]ധീകരണത്തിൽ കണ്ടു. ഇതിന്റെ സത്യാവസ്ഥയെന്താണ്?

ഉത്തരം: ഇന്ത്യയിലെ മുസ്ലിംകളും പാകിസ്ഥാനിലെ മുസ്ലിംകളും തമ്മിലുള്ള വിവാഹബന്ധം ബാത്വിലാണെന്ന് മൗലാനാ മൗദൂദി അഭിപ്രായപ്പെട്ടത് ശരിയാണ്. ഇന്ത്യയെ 'ദാറുൽ ഹർബ്' ആയി പരിഗണിച്ചുകൊണ്ടാണ് അദ്ദേഹം ഈ അഭിപ്രായരൂപീകരണം നട[illegible]യിട്ടുള്ളത്. സൂറത്തുൽ അൻഫാലിലെ 72-ാം സൂക്തത്തിന്റെ അടിസ്ഥാനത്തിൽ ദാറുൽ ഇസ്ലാമിലെയും ദാറുൽ കുഫ്റിലെയും മുസ്ലിംകൾ തമ്മിൽ വിവാഹബന്ധവും അനന്തരാവകാശവും സാധുവാകുകയില്ലെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്ത്യയെ ദാറുൽ ഹർബായി പരിഗണിച്ചുകൊണ്ടുള്ള മൗദൂദി സാഹിബിന്റെ ഈ അഭിപ്രായത്തെ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി മുൻ അമീർ മൗലാനാ അബുല്ലൈസ് സാഹിബടക്കം പലരും എതിർത്തിരുന്നുവെന്നാണ് ഓർമ്മ. മൗലാനാ മൗദൂദി ഈ അഭിപ്രായപ്രകടനം നടയപ്പോൾ അദ്ദേഹവും പാകിസ്ഥാനിലെ പ്രസിദ്ധ മതപണ്ഡിതനായ മൗലാനാ സഫർ അഹ്മദ് സാഹിബും തമ്മിൽ നടന്ന വിജ്ഞേയമായ ചർച്ച മൗദൂദി സാഹിബ് തന്റെ 'റസാഇൽ വ മസാഇലി'ൽ എടുത്തു ചേർത്തിട്ടുണ്ട്. ഇത് വായിക്കുന്നത് രണ്ട് വീക്ഷണങ്ങളും മനസ്സിലാക്കി സ്വന്തമായൊരു നിഗമനത്തിലെത്താൻ സഹായകമായിരിക്കും.

എങ്ങനെയുണ്ട് സഹോദരൻമാരെ മൗദൂദിയുടെ തീവ്രവാദം?! പാകിസ്ഥാനിലിരുന്നു കൊണ്ടാണ് മൗദൂദി  ഇന്ത്യൻ വിരോധ ഫത്‌വ പുറപ്പെടുവിക്കുന്നത് എന്നത് ആരും വിസ്മരിക്കരുത്. ഇല്ലെങ്കിൽ ബ്രിട്ടീഷുകാരുടെ ഭരണകാലത്തെ പ്രത്യേക സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് അദ്ദേഹം ഇപ്രകാരമെല്ലാം മൊഴിഞ്ഞത് എന്നു പറഞ്ഞ് മൗദൂദിയെ ജമാഅത്തെ ഇസ്ലാമിക്കാർ വെള്ളപൂശും! മൗദൂദിയുടെ അഭിപ്രായത്തെ അന്നത്തെ ജമാഅത്തെ ഇസ്മായിലെ പലരും എതിർത്തതായാണ് 1975ലെ പ്രബോധനം മുജീബിന്റെ ഓർമ്മയെങ്കിൽ, ഇന്നത്തെ മുജീബിന് അക്കാര്യത്തിൽ അതിലേറെ ഉറപ്പാണ് ഉള്ളത്!!! പ്രസ്തുത എതിർപ്പിന്റെ നാടകീയതയെ അംഗീകരിച്ചാലും, മുജീബ് പ്രസ്താവിച്ച പലരിൽ പെടാത്ത ചിലർ ബാക്കിയുണ്ടല്ലോ, അവരുടെ കാര്യമോ? ഇന്ത്യയെ ദാറുൽ ഹർബായി പ്രഖ്യാപിച്ചുകൊണ്ടുള്ള മൗദൂദിയുടെ തീവ്രവാദവും പേറി നടക്കുകയായിരുന്ന അവർ, തുടർന്നു അതിനനുസരിച്ചു പ്രവർത്തിച്ചു എന്നു തന്നെയല്ലെ മനസിലാക്കേണ്ടത്? കാരണം, അവരുടെ ആദർശം വിളിച്ചുപറയുന്നത് അതാണ്. ദാറുൽ ഹർബ് എന്താണെന്ന അവരുടെ വിശദീകരണം അതാണ് വ്യക്തമാക്കുന്നത്.


-206-

യിരുന്ന മാത്സര്യങ്ങളും കെട്ടടങ്ങി. അവസാനം മനുഷ്യൻ അത്യുന്നതമായ ചക്രവാളത്തിലേക്ക് പറന്നുയർന്നു. രക്തത്തിന്റെയും മാംസത്തിന്റെയും മണ്ണിന്റെയും പിടുത്തത്തിൽനിന്ന് മോചനം നേടി. ആ ദിവസം മുതൽ മുസ്ലിമിന്റെ സ്വദേശം പിറന്ന നാടല്ലാതായിമാറി. പകരം ദാറുൽ ഇസ്ലാമായിത്തീർന്നു. അല്ലാഹുവിന്റെ നിയമ വ്യവസ്ഥ വിധിനടത്തുന്ന ഭവനം! അവനതിലഭയം തേടുന്നു. അതിനുവേണ്ടി യുദ്ധം ചെയ്യുന്നു. അതിന്റെ സംരക്ഷണത്തിനും വ്യാപനത്തിനും വേണ്ടി രക്തസാക്ഷിത്വം വരിക്കുന്നു. അതാണ് ദാറുൽ ഇസ്ലാം. ഇസ്ലാമിനെ ആദർശമായി അംഗീകരിക്കുകയും അതിന്റെ നിയമവ്യവസ്ഥ സ്വീകരിക്കുകയും ചെയ്യുന്നവരുടെ ഭവനം. ഇസ്ലാമിനെ നിയമവ്യവസ്ഥയായി സ്വീകരിക്കുന്ന അമുസ്ലിംകളുടെ വീടും അതുതന്നെയാണ്. ദാറുൽ ഇസ്ലാമിൽ ജീവിച്ച ഗ്രന്ഥകാരായ മററു മതാനുയായികളെപ്പോലെ! എന്നാൽ ഇസ്ലാം നിലനില്ലാത്ത; അതിന്റെ നിയമവ്യവസ്ഥ വിധിനടത്താത്ത, പ്രദേശങ്ങളെല്ലാം ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം 'ദാറുൽഹർബ്' (ശത്രുഭവനം) ആണ്. മുസ്ലിംകളുടെ സംരക്ഷണത്തിലും സന്ധിയിലും കഴിഞ്ഞുകൂടുന്ന അമുസ്ലിംകളെ സംബന്ധിച്ചേടത്തോളവും അതങ്ങിനെത്തന്നെ! മുസ്ലിം അതിനോട് സമരം ചെയ്യണം. തന്റെ പിതാവോ, കുടുംബക്കാരോ, ബന്ധുക്കളോ, ധനമോ ഉപകരണങ്ങളോ, മററന്തെങ്കിലുമോ അവിടെ ഉണ്ടെങ്കിലും ശരി.



സഹോദരൻമാരെ നാം ചിന്തിക്കുക! ഇന്ത്യയെ ദാറുൽ ഹർബായി മൗദുദി പ്രഖ്യാപിക്കുന്നു, ഇത്തരം ശത്രുഭവനങ്ങൾക്കെതിരിൽ മുസ്ലിംങ്ങൾ സമരം ചെയ്യണം എന്ന തീവ്രവാദം (പലരിൽ പെടാത്ത) ശൈഖ് മുഹമ്മദ് കാരക്കുന്ന് മലയാളികൾക്കിടയിൽ വിവർത്തനം ചെയ്യുന്നു, ഇതെല്ലാം ഇന്നും ലഭ്യമായിരിക്കെ, എങ്ങനെയാണ് ജമാഅത്തെ ഇസ്ലാമി ഇതൊന്നും കണ്ടിട്ടില്ല എന്ന് നടിക്കാനുള്ള 'തർബിയത്ത്' ക്ലാസ് അണികൾക്ക് കൊടുക്കുന്നത്?!!!

ഇനി മുസ്ലിംകൾ ശത്രുഭവനങ്ങൾക്കെതിരിൽ സമരം ചെയ്യണം എന്നതിന്റ രുപം ശൈഖ് മുഹമ്മദ് കാരക്കുന്ന് വിവർത്തനകന്റെ റോളിൽനിന്നുകൊണ്ട് പഠിപ്പിക്കുന്നത് കാണുക.

-191-

''സന്മാർഗ്ഗത്തിനപ്പുറം ദുർമാർഗ്ഗമല്ലാതെ മറെറന്താണുള്ളത്. എന്നിട്ടും നിങ്ങൾ എങ്ങോട്ടാണ് പോയ്ക്കൊണ്ടിരിക്കുന്നത്.?''

ഒരൊററ ഭവനമേയുള്ളു. അത് ദാറുൽ ഇസ്ലാമാണ്. അവിടെയാണ് ഇസ്ലാമിക രാഷ്ട്രം നിലനില്ക്കുക. അവിടെയാണ് അല്ലാഹുവിൻെറ നിയമ വ്യവസ്ഥ നടപ്പിലാവുക. അവിടെ മുസ്ലിംകൾ പരസ്പരം സഹായികളാണ്. ഇതല്ലാത്തതെല്ലാം ശത്രുഗേഹമാണ്. അവരോടുള്ള മുസ്ലിംകളുടെ സമീപനം ഒന്നുകിൽ യുദ്ധത്തിലൂടെയായിരിക്കും. അല്ലെങ്കിൽ വിശ്വസ്തതയുള്ള സന്ധിയിലൂടെയായിരിക്കും. പക്ഷേ അതൊരിക്കലും ദാറുൽ ഇസ്ലാമായിരിക്കയില്ല. അതിൻെറ ആൾക്കാർക്കും മുസ്ലിംകൾക്കുമിടയിൽ പരസ്പരം രക്ഷാധികാരികളാരുമില്ല.




അപ്പോൾ, ദാറുൽ ഹർബായി പ്രഖ്യാപിച്ച ഇന്ത്യയോടുള്ള മൗദുദിയുടെ സമീപനം എന്തായിരിക്കും? ഒന്നുകിൽ യുദ്ധം, അല്ലെങ്കിൽ വിശ്വസ്തതയോടുള്ള സന്ധി! ഇതെല്ലാം മറച്ചുവെച്ചാണ് ഇന്നത്തെ മൗദൂദികൾ ഇന്ത്യയുടെ സംരക്ഷകരായി കോമാളി വേഷവും ധരിച്ച് ജനങ്ങൾക്കിടയിൽ ഇറങ്ങിയിരിക്കുന്നത്.




വാസ്തവത്തിൽ പ്രബോധനം നിർവ്വഹിച്ചുകൊണ്ടുള്ള സമൂലമായ ഒരു മാറ്റമാണ് ജമാഅത്തെ ഇസ്ലാമി അന്നുതൊട്ടേ ആഗ്രഹിക്കുന്നത് എന്ന് മൗദൂദികൾ

വാദിക്കാറുണ്ട്. എന്നാൽ അവരുടെ പൂർവ്വകാല ശിക്ഷണങ്ങൾക്ക് ആസകലവും വിരുദ്ധമാണ് ഈ വാദം. ജമാഅത്തെ ഇസ്ലാമിയുടെ പ്രസിദ്ധീകരണങ്ങൾ തന്നെ അക്കാര്യം തുറന്ന് പറയട്ടെ.

74 ജിഹാദ്

നിയമവ്യവസ്ഥയായിരിക്കണം. കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നത് അല്ലാഹു നിശ്ചയിച്ച ക്രമത്തിന് അനുസൃതമായിരിക്കുകയും വേണം.

ഭൂമിയിൽ ദൈവിക ഭരണസംസ്ഥാപനം, മനുഷ്യാധിപത്യത്തിന്റെ നിഷ്കാസനം, അന്യായമായി അധികാരം കയ്യടക്കി വെച്ച അടിമകളിൽ നിന്ന് അത് വീണ്ടെടുക്കൽ, ഏകനായ ദൈവത്തിന്ന് സമർപ്പിക്കൽ, ദൈവിക വ്യവസ്ഥയുടെ നായകത്വത്തിലേക്കുള്ള അരങ്ങേറ്റം, മനുഷ്യനിർമ്മിത നിയമങ്ങളുടെ തിരോധാനം, ഇവയെല്ലാം കേവലം പ്രബോധനം കൊണ്ടും പ്രചരണം കൊണ്ടും നടക്കുന്നകാര്യങ്ങളല്ല. കാരണം അല്ലാഹുവിന്റെ അവകാശം അവിഹിതമായി പിടിച്ചുപറ്റി ജനങ്ങളെ അടിമകളാക്കി വെക്കുന്ന കൃത്രിമാധിപതികൾ തങ്ങളുടെ അധികാരം അത്രവേഗമൊന്നും കയ്യൊഴിക്കുകയില്ല. അങ്ങനെ ചെയ്യുമായിരുന്നെങ്കിൽ അല്ലാഹുവിന്റെ വ്യവസ്ഥിതികളിവിടെ സ്ഥാപിക്കുകയെന്ന ദൗത്യം പ്രവാചകർക്ക് എത്രയോ എളുപ്പമായേനെ. എന്നാൽ സംഭവിച്ചത് മറിച്ചാണെന്ന് തലമുറകളിലൂടെ വ്യാപിച്ച് കിടക്കുന്ന ഈ ദീനിന്റെ ചരിത്രവും പ്രവാചകരുടെ അനുഭവവും വിളിച്ചോതുന്നു.

മനുഷ്യാധിപത്യത്തിൽനിന്ന് സൃഷ്ടികളുടെ മോചനത്തിനായി ഇസ്‌ലാം നടത്തിയ സ്വാതന്ത്ര്യപ്രഖ്യാപനം കേവലം ദർശനപരമോ തത്വശാസ്ത്രപരമോ അല്ല. മറിച്ച് രചനാത്മകവും, പ്രായോഗികവും ചലനാത്മകവുമാണ്. അല്ലാഹുവിന്റെ നിയമവ്യവസ്ഥയനുസരിച്ച് മനുഷ്യരെ ഭരിക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ പ്രയോഗവൽക്കരണവും അടിമകളുടെ അടിമത്തത്തിൽ നിന്ന് മനുഷ്യരുടെ മോചനവുമാണതിന്റെ ലക്ഷ്യം.

ജിഹാദ്

അബുൽ അഅ്ലാ മൗദൂദി
ഹസനുൽ ബന്നാ
സയ്യിദ് ഖുതുബ്

I. I. F. S. O
1405 A. H - 1985 A.D

ജമാഅത്ത് ഇസ്ലാമിയുടെ ലക്ഷ്യമായി നിരന്തരം ഉത്ഘോഷിക്കാറുള്ള ഹൂകുമത്തെ ഇലാഹിയുടെ പ്രയോഗവത്കരണത്തിന്റെ രൂപമാണ് മുകളിൽ വായിച്ചത്. ജനങ്ങളുടെ മനസ് ഇസ്ലാമിന്റെ അധ്യാപനങ്ങൾകൊണ്ട് പരിവർത്തിപ്പിക്കാനൊന്നും കഴിഞ്ഞുകൊള്ളണമെന്നില്ല, ആകയാൽ അന്യായമായി അധികാരം കയ്യടക്കിവെച്ചിട്ടുള്ള ഭരണഘൂടത്തോട് പൊരുതണം. അതിനായുള്ള പരിശീലനമാണ് ജമാഅത്തെ ഇസ്ലാമി തുടക്കത്തിൽ ചെയ്തുവന്നത്. അതിലേക്കാളേറെ വിഷമം, ഈ തീവ്രവാദത്തെ ന്യായീകരിക്കുവാൻ വേണ്ടി ഇവർ പ്രവാചകൻമാരുടെ അനുഭവങ്ങളെയാണ് തെറ്റായി ഉദ്ധരിക്കുന്നത്. മേൽ പ്രസ്താവിക്കപ്പെട്ട ഭരണസംസ്ഥാപനം തൊട്ട് മനുഷ്യനിർമ്മിത നിയമങ്ങളുടെ തിരോധാനം വരെയുള്ള സംഗതികൾക്ക് ജമാഅത്ത് പഠിപ്പിച്ച തരത്തിലുള്ള ഒരു പ്രവർത്തനരീതി ഏത് പ്രവാചകൻമാരിലാണ് ചരിത്രത്തിന്റെ ഏടുകളിൽ ഇവർക്ക് കാണിച്ചുതരുവാൻ സാധിക്കുക? ആയാലൊരാന, പോയാലൊരു വാക്ക്, അല്ലെ?. എങ്കിൽ അല്ല, ജമാഅത്തെ ഇസ്ലാമിയുടെ തീവ്രവാദം പുരണ്ട ഓരോ വാക്കുകളും കനത്ത പ്രഹരം തന്നെയാണ് പൊതുസമൂഹത്തിലും സമുദായത്തിലും വരുത്തിവെച്ചത്. അതുകൊണ്ട്തന്നെ, ദൈവഭയമുള്ള ധാർമ്മിക ബോധമുള്ള

ജമാഅത്തുകാർ അവരുടെ നേതൃത്വത്തിൽ ഉണ്ടെങ്കിൽ ജമാഅത്തിന് പറ്റിയ അബദ്ധങ്ങൾ ഏറ്റുപറയുകയാണ് ഇവർ ആദ്യമായി ചെയ്യേണ്ടത്. അങ്ങനെയെങ്കിൽ ജമാഅത്തിന് അഭിമാനിക്കാവുന്ന ഒരു നേട്ടം തന്നെയായിരിക്കും അത്. ആത്മാർത്ഥതയോടുകൂടെ പശ്ചാതപിച്ചുകൊണ്ടാണെങ്കിലോ, പരലോകത്തേക്ക് ഏറെ മികച്ചതും.

ജമാഅത്തെ ഇസ്ലാമി മേൽ പറയപ്പെട്ട രുപത്തിൽ ഒരു തീവ്രവാദ ചിന്ത പഠിപ്പിച്ചിട്ടുണ്ടങ്കിൽ, പിന്നെ എന്തുകൊണ്ടാണ് രാജ്യത്ത് ജമാഅത്തിന്റെ പേരിൽ പ്രകടമായ നിലക്ക് ഭീകരപ്രവർത്തനങ്ങൾ കാണാതിരുന്നത് എന്ന് ചില മൗദൂദികൾ ചോദിക്കാറുണ്ട്. വളരെ പ്രസക്തമായ ഈ ചോദ്യത്തിന് ഇവരുടെ മാസിക തന്നെ മറുപടി പറയുന്നത് കേട്ടോളൂ...



മുന്നൂർ

കാശ്മീർ ജമാഅത്തെ ഇസ്‌ലാമി

ജമ്മുകാശ്മീർ ജമാഅത്തെ ഇസ്‌ലാമി താഴ്‌വരയിലെ ഏറ്റവും സുസംഘടിതമായ ഇസ്‌ലാമിക സംഘടനയും നിർണായകമായ ഒരു രാഷ്ട്രീയ ശക്തിയുമത്രെ. 1947-ന് ശേഷം യുവജനങ്ങളിൽ പ്രത്യേകിച്ചും അഭ്യസ്ത വിദ്യർക്കിടയിൽ അത് വമ്പിച്ച സ്വാധീനമാണ് നേടിക്കൊണ്ടിരുന്നത്

ജ. ഇ. അമ്പതാം വാർഷിക പതിപ്പ്

താഴ്‌വരയിൽ തീവ്രവാദിപ്രവർത്തനം ശക്തിപ്പെട്ടതിനു ശേഷം ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വർധിച്ചിട്ടുള്ളതായി പറയപ്പെടുന്നു. താഴ്‌വരയിലെ ഏറ്റവും ശക്തമായ തീവ്രവാദിഗ്രൂപ്പുകളിലൊന്നായ ഹിസ്ബുൽ മുജാഹിദീൻ, ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പാണ്. ഇതിനുപുറമെ, 'അല്ലാഹ് ടൈഗേഴ്സ്' എന്ന ഒരു സംഘത്തിനും ജമാഅത്ത് രൂപം നൽകിയിട്ടുണ്ട്. ജനങ്ങളിൽ ഇസ്‌ലാമികചൈതന്യം വളർത്തുകയും നിലനിർത്തുകയുമാണ് ഈ സംഘത്തിന്റെ മുഖ്യമായ പ്രവർത്തനമെന്നു പറയപ്പെടുന്നു.

വിവിധ തീവ്രവാദി ഗ്രൂപ്പുകളെ ഏകോപിപ്പിക്കുന്നതിലും ജമാഅത്തിന്റെ പങ്ക് പ്രധാനമാണ്. രാഷ്ട്രീയമേഖലയിൽ പതിമൂന്നു സംഘടനകൾ ചേർന്ന 'തഹ്‌രീകെ ഹുർരിയത്തെ കാശ്മീർ' (കാശ്മീർ സ്വാതന്ത്ര്യപ്രസ്ഥാനം) എന്ന പേരിൽ ഒരു മുന്നണിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ ഗ്രൂപ്പിലെ ഏറ്റവും വലിയ സംഘടന ജമാഅത്താണ്. അരാഷ്ട്രീയനായ അഡ്വക്കേറ്റ് മിയാൻ അബ്ദുൽ ഖയ്യൂമാണ് മുന്നണിയുടെ അധ്യക്ഷൻ. സെക്രട്ടറിയായ മുഹമ്മദ് അശ്റഫ് സഹ്റായി കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെയും സെക്രട്ടറിജനറലാണ്. സൈനികമേഖലയിൽ വിവിധ സായുധ ഗ്രൂപ്പുകൾ ചേർന്ന് രൂപംനൽകിയ 'മുത്തഹിദ ജിഹാദ് കൗൺസിലിന്റെ' ചെയർമാൻ അലി മുഹമ്മദ് ഡാറും ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കളിലൊരാളത്രെ.

മാന്യ വായനക്കാരെ, ഉപരിസുചിത ലേഖനത്തിൽ നിന്നും നാം എന്തു മനസിലാക്കണം?!!! ജമാഅത്തെ ഇസ്ലാമിയുടെ പുസ്തകങ്ങൾ വായിക്കുന്ന, അവരുടെ അതേ ആശയം കൈമുതലാക്കിയ കുറേ തീവ്രവാദ ഗ്രൂപ്പുകൾ നിലവിലുണ്ട് എന്നുതന്നെയല്ലെ. അല്ലെങ്കിൽ ഇവർ പറയട്ടെ കാശ്മീർ ജമാഅത്തെ ഇസ്ലാമിയുടെ കൈവശമുള്ള മൗദൂദിയൻ പുസ്തകങ്ങളും കേരളത്തിലെ ജമാഅത്തു-എൻ. ഡി. എഫുകാരന്റെ കൈവശമുള്ള മൗദൂദിയൻ പുസ്തകങ്ങളും തമ്മിൽ അന്തരമുണ്ടെന്ന്. ഏതായാലും ഇന്ത്യാ ഉപഭൂഖണ്ഡത്തിലുള്ള ജമാഅത്തെ ഇസ്ലാമിയുടെ ആദർശവും ലക്ഷ്യവും ഒന്നു തന്നെയാണ്; ഇക്കാര്യവും ഇവർ തന്നെ പ്രഖ്യാപിച്ചതാണ്.

രണ്ടുവാക്ക്

ജമാഅത്തെ ഇസ്‌ലാമി കേരളത്തിലോ ഇന്ത്യയിലോ പരിമിതമായ ഒരു പ്രസ്ഥാനമല്ല. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽതന്നെ ഇതേ പേരും വേരുമുള്ള ആറു സംഘടനകളുണ്ട്. സ്വന്തമായ ചുറ്റുപാടുകൾ കണക്കിലെടുത്ത് ഭിന്നമായ നയപരിപാടികളോടെയാണ് പ്രവർത്തിക്കുന്നതെങ്കിലും അവയുടെയെല്ലാം ആദർശവും ലക്ഷ്യവും ഒന്നാകുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങളും പ്രവർത്തകരും ലോകമാകെ പരന്നിട്ടുണ്ട്. അവയിൽനിന്ന് പ്രചോദനം ഉൾകൊണ്ട് പല ഇസ്‌ലാമിക ഗ്രൂപ്പുകളും ലോകത്തിന്റെ പലഭാഗങ്ങളിലായി ഉയർന്നു വന്നിരിക്കുന്നു. ആഗോള തലത്തിൽ ഇന്ന് ദൃശ്യമാകുന്ന ഇസ്‌ലാമിക നവജാഗരണത്തിൽ ജമാഅത്തിനുള്ള പങ്ക് ആരെത്ര ശ്രമിച്ചാലും നിഷേധിക്കാനാവാത്തതാണ്.



1992

**പ്രബോധനം**

ജ.ഇ. അമ്പതാം വാർഷിക പതിപ്പ്

സഹോദരൻമാരെ, ഇസ്ലാമിക പ്രമാണങ്ങൾ വക്രീകരിച്ചുകൊണ്ടാണ് ജമാഅത്തെ ഇസ്ലാമി മുസ്ലിം മനസുകളിലേക്ക് തീവ്രവാദത്തിന്റെ ബീജം തിരുകി കയറ്റാൻ ശ്രമിക്കുന്നത് എന്നത് നാം വളരെ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. പരിശുദ്ധ ഖുർആൻ പോലും തീർത്ഥും അനീതിയോടെ വ്യാഖ്യാനിച്ചു, അതുവഴി അല്ലാഹുവിന്റെ കല്പനയാണതെന്നു തെറ്റുദ്ധരിച്ചിട്ടാണ് ചിലയാളുകൾ ഇവരുടെ കെണിയിൽ അകപ്പെട്ടത്. സൂറഃ അൽബഖറഃയുടെ 193-ാം ആയത്തിന് തഫ്ഹീമുൽ ഖുർആൻ വഴി മൗദൂദി നല്കിയ വ്യാഖ്യാനം പ്രസ്തുത ദുർവ്യാഖ്യാനങ്ങളുടെ അനേകം ഉദാഹരണങ്ങളിൽ ഒന്നാണ്, അത് കാണുക.

അൽ ബഖറ (2) 135

وَقَٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ ۖ فَإِنِ ٱنتَهَوْا۟ فَلَا عُدْوَٰنَ إِلَّا عَلَى ٱلظَّٰلِمِينَ ١٩٣

ഫിത്ന ശേഷിക്കാതിരിക്കയും 'ദീൻ' അല്ലാഹുവിന്നായിത്തീരുകയും ചെയ്യുവോളം നിങ്ങൾ അവരോട് സമരം ചെയ്തുകൊണ്ടിരിക്കണം.[204] ഇനി അവർ വിരമിക്കുന്നുവെങ്കിലോ, മനസ്സിലാക്കിക്കൊള്ളുക, അക്രമികളോടല്ലാതെ ആരോടും കയ്യേററം ഹിതകരമല്ല.[205]

204. ഇവിടെ 'ഫിത്ന' എന്ന വാക്ക് ആദ്യത്തെ അർത്ഥത്തിൽനിന്ന് സ്വല്പം വ്യത്യസ്തമായാണ് ഉപയോഗിച്ചിട്ടുളളത്. ദീൻ (അനുസരണം) അല്ലാഹുവിന് പകരം മററാർക്കെങ്കിലും ആവുക എന്ന അവസ്ഥയാണ് ഇവിടെ 'ഫിത്ന' കൊണ്ടുള്ള വിവക്ഷ. യുദ്ധംകൊണ്ടുള്ള ആവശ്യം 'ഫിത്ന' അവസാനിച്ച് ദീൻ അല്ലാഹുവിന് മാത്രമായിത്തീരുകയെന്നതാണെന്നും സന്ദർഭത്തിൽനിന്ന് വ്യക്തമാവുന്നുണ്ട്. 'ദീൻ' എന്ന വാക്ക് പരിശോധിക്കുമ്പോൾ, അറബിഭാഷയിൽ അതിൻെറ അർത്ഥം അനുസരണമെന്നാണെന്നും സാങ്കേതികഭാഷയിൽ അതുകൊണ്ടുള്ള വിവക്ഷ, ഒരാളെ സർവ്വോന്നതനായി അംഗീകരിച്ച് അവൻെറ വിധികളും നിയമങ്ങളും അനുഷ്ഠിക്കുന്ന നിലയിൽ സ്വീകരിക്കുന്ന ജീവിതവ്യവസ്ഥയാണെന്നും വ്യക്തമാവുന്നതാണ്. അതിനാൽ, സൃഷ്ടികളുടെ മേൽ സൃഷ്ടികളുടെ ദിവ്യത്വവും ആധിപത്യവും സ്ഥാപിതമാവുകയും സൃഷ്ടികർത്താവിൻെറ നിയമത്തിനൊത്ത് ജീവിതം നയിക്കുക അസാധ്യമായിത്തീരുകയും ചെയ്കയെന്ന അവസ്ഥയാണ് 'ഫിത്ന' എന്നും അത്തരം 'ഫിത്ന'യുടെ സ്ഥാനത്ത് മനുഷ്യൻ ദൈവത്തിൻെറ നിയമത്തെ മാത്രം അനുസരിക്കുന്നവനായിത്തീരുക എന്ന അവസ്ഥ സംജാതമാവുകയാണ് ഇസ്ലാമിക യുദ്ധത്തിൻെറ ലക്ഷ്യമെന്നും ദീനിൻെറ ഈ വിശദീകരണത്തിൽ നിന്ന് വ്യക്തമാവുന്നുണ്ട്.

205. വിരമിക്കുകയെന്നാൽ 'കാഫിറു'കൾ 'കുഫ്റി'ൽനിന്നും 'ശിർക്കി'ൽനിന്നും വിരമിക്കുകയെന്നല്ല, 'ഫിത്ന'യിൽ നിന്ന് വിരമിക്കുകയെന്നാണ്. 'കാഫിർ', 'മുശ്രിക്ക്', നിരീശ്വരവാദി തുടങ്ങി ആർക്കും ഇഷ്ടമുള്ള ഏതാദർശവും വെച്ചുപുലർത്താൻ അധികാരമുണ്ട്. ആരെ വേണമെങ്കിലും പൂജിക്കുവാനും ആരേയും പൂജിക്കാതിരിക്കാനും അവർക്ക് സ്വാതന്ത്ര്യമുണ്ട്. ഈ വക ദുർമ്മാർഗ്ഗങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കുവാനായി നാം ഉപദേശവും ഉൽബോധനവും നടത്തുമെങ്കിലും അതിൻെറ പേരിൽ നാം അവരോടു യുദ്ധം ചെയ്കയില്ല. എന്നാൽ അല്ലാഹുവിൻെറ ഭൂമിയിൽ അവൻെറ നിയമത്തിനു പകരം തങ്ങളുടെ അസത്യനിയമങ്ങൾ നടപ്പാക്കുവാനോ അവൻെറ അടിമകളെ മററാരുടെയെങ്കിലും അടിമകളാക്കുവാനോ അവർക്കൊട്ടും അവകാശമില്ല. ഈ 'ഫിത്ന' തട്ടിനീക്കാനായി സന്ദർഭവും സാധ്യതയുമനുസരിച്ചു ഉപദേശം നൽകിക്കൊണ്ടിരിക്കും. വേണ്ടിവന്നാൽ ശക്തി ഉപയോഗിക്കും. അവിശ്വാസികൾ തങ്ങളുടെ ഈ 'ഫിത്ന'യിൽനിന്നു വിരമിക്കാതിരിക്കുന്ന കാലത്തോളം വിശ്വാസികൾ സ്വസ്ഥരായിരിക്കയില്ല.

പ്രവാചകൻ(ﷺ) പഠിപ്പിച്ചുതരാത്ത സ്വഹാബത്തിനു പരിചയമില്ലാത്ത ഒരു വിശദീകരണമാണ് നമ്മൾ മുകളിൽ കണ്ടത്. സ്വന്തം വിശ്വാസമനുസരിച്ച് ജീവിക്കാൻ സ്വാതന്ത്ര്യമില്ലാതെ വന്നപ്പോൾ പ്രവാചകന്റെ നിർദ്ദേശപ്രകാരം

മുസ്ലിംകൾ ആദ്യമായി ഹിജ്റ പോയത് അബ്സീനിയായിലേക്കായിരുന്നുവല്ലോ. അവിടെ അന്ന് ഭരിച്ചിരുന്ന അവിശ്വാസിയായിരുന്ന നജ്ജാശി രാജാവ്, മുസ്ലിമായ തിനുശേഷവും അതേ ഭരണ വ്യവസ്ഥ തന്നെയായിരുന്നു പുലർത്തിപ്പോന്നത്. മാത്രമല്ല, അദ്ദേഹത്തിനു വേണ്ടി നബി(ﷺ) മദീനയിൽ ജനാസ നമസ്കരിക്കുകയുമു ണ്ടായി. ആദർശത്തിന്റെ കാര്യത്തിൽ ഒരു അനുരഞ്ജനത്തിനും തയ്യാറല്ലാത്ത പ്രവാചകനാണ് നജ്ജാശി എന്ന അബ്സീനിയൻ രാജാവിനുവേണ്ടി മയ്യിത്ത് നമസ്കരിച്ചത്. മൗദൂദിയുടെ രോഗവിഷാണു ബാധിച്ചവർക്ക് ഒരു പക്ഷെ അത് മനസിലാകില്ല. കാരണം, അല്ലാഹുവിന്റെ ഭൂമിയിൽ അവന്റേതല്ലാത്ത നിയമങ്ങൾ (ഫിത്ന) തട്ടിനീക്കുവാനും, പകരം അവിടെ അല്ലാഹുവിന്റെ നിയമത്തെ മാത്രം അനുസരിക്കുന്ന അവസ്ഥ സംജാതമാക്കി എടുക്കലുമാണല്ലോ ഇസ്ലാമിക യുദ്ധത്തിന്റെ ലക്ഷ്യം!. അവിശ്വാസികളായ ആളുകൾ ഈ ഫിത്നയിൽനിന്നും (അതായത്, അല്ലാഹുവിന്റേതല്ലാത്ത നിയമങ്ങളനുസരിച്ചു ഭരണം നടത്തുന്ന സ്ഥലങ്ങളിൽനിന്നും) വിരമിച്ചില്ലെങ്കിൽ, വിശ്വാസികൾ (മൗദൂദിയുടെ വ്യാഖ്യാന പ്രകാരം ജമാഅത്തുകാർ) വെറുതെ ഇരിക്കുകയില്ല, അവർ അസ്വസ്ഥരായി കാണപ്പെടും എന്നാണ് ഖുർആൻ ദുർവ്യാഖ്യാനിച്ചുകൊണ്ട് മൗദൂദി എഴുതിയത്. ഇതു തന്നെയാണ് ഇവിടുത്തെയും പ്രശ്നം; ഇതു തന്നെയാണ് തീവ്രവാദം. ഇടം കൊടുത്താൽ മഠം പിടുങ്ങും എന്ന ഭീതിയോടെ അമുസ്ലീംകളിൽ ചിലർ മുസ്ലീംകളെ നോക്കികാണുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വവും അതുകൊണ്ടുതന്നെ ജമാഅത്തെ ഇസ്ലാമിക്കാണ്. ആയതിനാൽ ഒരു കാര്യം ഇവിടെ വീണ്ടും ആവർത്തിക്കട്ടെ, ജമാഅത്തെ ഇസ്ലാമി പഴയ നിലപാടുകളെല്ലാം അബദ്ധമായിരുന്നു എന്നുപറഞ്ഞു കൊണ്ട് ഒരു തിരുത്തലിന് തയ്യാറാകാത്തിടത്തോളം കാലം ഇവരെ വിശ്വസിക്കാൻ നമുക്ക് നിവൃത്തിയില്ല.